**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിക്ക് ടിംബർ ലൈസൻസ് നൽകിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിയായ വ്യക്തി ടിംബർ ലൈസൻസിനായി നൽകിയ അപേക്ഷ കൃത്യമായി പരിശോധിക്കാതെയാണ് ലൈസൻസ് നൽകിയത് എന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | മുട്ടിൽ മരം മുറി കേസിലെ പ്രധാന പ്രതിയായ വ്യക്തിക്ക് ടിമ്പർ ലൈസൻസ് നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത വ്യക്തിയുടെ സ്ഥാപനത്തിന് പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ അനുവദിച്ചതിലും ക്രമക്കേട് നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേൽ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പാലിച്ച് പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. |
| (സി) | വിരമിച്ച ശേഷവും ഒരു റേഞ്ച് ഓഫീസർ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട ഔദ്യോഗിക കാര്യങ്ങളിൽ ഇടപെട്ടിരുന്നുവെന്നും പ്രധാന പ്രതിയുമായി ഇദ്ദേഹവും ഡി.എഫ്.ഒ. യും കൽപറ്റയിലെ ഹോട്ടലിൽ കൂടിക്കാഴ്ച നടത്തിയിരുന്നുയെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഇത്തരത്തിൽ ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ